പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5570 — 01/07/2019 ൽ മറുപടിക്ക്

## ദേവസ്വം നിയമനങ്ങളിലെ സംവരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി സി.കെ. ആശ** | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേവസ്വം നിയമനങ്ങളിൽ സംവരണം ലഭിക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണതോതിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുമോ; | (എ) | ഹിന്ദുമതത്തിൽപെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമെ ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് അർഹതയുള്ളുവെന്നതിനാൽ പൊതു സംവരണ തത്വപ്രകാരം ന്യൂനപക്ഷങ്ങൾക്കുള്ള സംവരണ വിഹിതമായ 18%- ൽ നിന്നും മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് -10%, ഈഴവ-3%, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് -2%, മറ്റ് പിന്നോക്കക്കാർക്ക് 3% എന്നിങ്ങനെ സംവരണമേർപ്പെടുത്തുന്നതിന് ദേവസ്വങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 2015 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് പ്രകാരം നിലവിൽവന്നു. ഒരു ചെയർമാനും രണ്ട് അംഗങ്ങളുമാണ് ബോർഡിലുള്ളത്. സെക്രട്ടറിയുടെ നേതൃത്വത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആഫീസ് പ്രവർത്തിക്കുന്നു. സർക്കാരിലെ വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിലാണ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും റിട്ടയർ ചെയ്ത ഉന്നത ഉദ്യോഗസ്ഥരാണ് പരീക്ഷ സംബന്ധിച്ച ജോലികൾ നിയന്ത്രിക്കുന്നത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള എല്ലാ തസ്തികകൾക്കും പബ്ലിക് സർവ്വീസ് കമ്മീഷന്റെ മാതൃകയിൽ 'ദേവജാലിക' എന്ന ഓൺലൈൻ സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി ദേവസ്വം ബോർഡുകളിൽ നിയമിച്ചുവരുന്നു. |
| (സി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സംവരണതത്വം പാലിച്ചുകൊണ്ട് നാളിതുവരെ നടത്തിയ നിയമനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന കൊച്ചിൻ ദേവസ്വം ബോർഡിൽ സംവരണതത്വം പാലിച്ചുകൊണ്ട് നാളിതുവരെ നടത്തിയ പിന്നോക്ക, പട്ടികജാതി, പട്ടികവർഗ്ഗ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (ഡി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തുടങ്ങിയ ഉന്നത തസ്തികകളിൽ സംവരണതത്വം പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. |
| (എഫ്) | ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് | (എഫ്) | മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 10% സംവരണം |

| | | | | |
|---|---|---|---|---|
| | പത്തുശതമാനം സംവരണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | | നൽകുന്നതിന് ദേവസ്വം ബോർഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കകാർക്ക് കേന്ദ്രസർക്കാരും 10% സംവരണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I



I. <u>പാർട്ട് ടൈം ശാന്തി</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 23.08.2017-ൽ 424 പേരുള്ള റാങ്ക ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതു വരെ 224 പേരെ നിയമനത്തിനായി ശിപാർശ ചെയ്തു. നിയമിക്കപ്പെട്ടവരുടെ വിവരം.

മുന്നോക്ക സമുദായക്കാർ -97
ഈഴവർ -69
പട്ടികജാതിക്കാർ -12
പട്ടികവർഗ്ഗക്കാർ -ഇല്ല
ഒ.ബി.സി -13
വിശ്വകർമ്മ -8
ധീവരർ -12
നാടാർ -2

II. <u>രണ്ടാം ആനശേവുകം</u>

റാങ്ക് ലിസ്റ്റ് 15.06.2017-ൽ നിലവിൽ വന്നു. 14 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തി.

മുന്നോക്കക്കാർ -3
ഈഴവ -3
പട്ടികജാതി -6
നാടാർ -2

III. <u>അസിസ്റ്റന്റ് എൻജിനീയർ (സിവിൽ)</u>

24.05.2018-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 7 പേരെ നിയമനത്തിനായി ശിപാർശ ചെയ്തു.

മുന്നോക്കക്കാർ -2
ഈഴവ -4
പട്ടികജാതി -1

IV. <u>ഓവർസീയർ ഗ്രേഡ്-3 (സിവിൽ)</u>

23.06.2018-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 38 പേരെ നിയമനത്തിനായി ശിപാർശ ചെയ്തു.

മുന്നോക്കക്കാർ -11
ഈഴവ -14

| | |
|---|---|
| പട്ടികജാതിക്കാർ | -4 |
| ഒ.ബി.സി | -5 |
| വിശ്വകർമ്മ | -2 |
| ധീവരർ | -1 |
| നാടാർ | -1 |

V. സ്മിത്ത്

14.11.2018-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. രണ്ടു പേരെ നിയമനത്തിനായി ശിപാർശ ചെയ്തു.

| | |
|---|---|
| ഈഴവ | -1 |
| വിശ്വകർമ്മ | -1 |

Section Officer

അനുബന്ധം - 2

(ഡി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊച്ചിൻ ദേവസ്വം ബോർഡിലെ 9 തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കി സംവരണതത്വം പാലിച്ചു കൊണ്ട് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഓരോ തസ്തികയിലും പിന്നോക്ക, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിച്ച നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശാന്തി

ശാന്തി തസ്തികയിലേയ്ക്ക് ആകെ 78 പേരെ നിയനത്തിനായി ശിപാർശ ചെയ്തു. ഇതിലെ സംവരണ വിഭാഗക്കാർ

| | |
|---|---|
| ഈഴവ | -37 |
| പട്ടികജാതി | -7 |
| പട്ടികവർഗ്ഗം | -ഇല്ല |
| ഒ.ബി.സി | -8 |
| വിശ്വകർമ്മ | -1 |
| ധീവര | -5 |
| നാടാർ | -2 |

2. കഴകം - 68 പേരെ കഴകം തസ്തികയിലേയ്ക്ക് നിയമനത്തിനായി ശിപാർശ ചെയ്തു. അതിൽ സംവരണ സമുദായക്കാരുടെ നില താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ഈഴവർ | -10 |
| പട്ടികജാതി | -5 |
| പട്ടികവർഗ്ഗം | -1 |
| ഒ.ബി.സി | -5 |

വിശ്വകർമ്മ -3
ധീവര -3
നാടാർ -1

3. സംബന്ധി

ഈ തസ്തികയിലേയ്ക്ക് 36 പേരെ നിയമനത്തിനായി ശിപാർശ ചെയ്തു. അതിൽ സംവരണ സമുദായക്കാരുടെ നില താഴെപ്പറയും പ്രകാരമാണ്.

ഈഴവ -7
പട്ടികജാതി -5
പട്ടികവർഗ്ഗം -ഇല്ല
ഒ.ബി.സി -2
വിശ്വകർമ്മ -3
ധീവര -1
നാടാർ -ഇല്ല

4. തകിൽ -

തകിൽ തസ്തികയിലേയ്ക്ക് 3 പേരെ ശിപാർശ ചെയ്തതിൽ 2 പേർ ഈഴവ സമുദായത്തിൽപ്പെട്ടവരും ഒരാൾ പട്ടികജാതി വിഭാഗക്കാരനുമാണ്.

5. നാദസ്വരം -

നാദസ്വരം തസ്തികയിലേയ്ക്ക് രണ്ടു പേരെ നിയമനത്തിനായി ശിപാർശ ചെയ്തതിൽ ഒരാൾ ഈഴവ സമുദായക്കാരനും ഒരാൾ ഒ.ബി.സി വിഭാഗക്കാരനും ആണ്.

6. കിട്ടുപിടി

ഈ തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്ത ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശ നടത്തി. അതിൽ സംവരണ സമുദായക്കാരുടെ ഊഴം എത്തിയില്ല.

7. കുഴൽ -

കുഴൽ തസ്തികയിലേയ്ക്ക് 4 പേരെ നിയമനത്തിനായി ശിപാർശ ചെയ്തതിൽ ഒരാൾ ഈഴവ സമുദായക്കാരനും ഒരാൾ പട്ടികജാതിക്കാരനും ആണ്.

8. ഇലത്താളം

ഈ തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്ത ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശ നടത്തി. അതിൽ സംവരണ സമുദായക്കാരുടെ ഊഴം എത്തിയില്ല.

9. സോപാനപ്പാട്ട്

ആകെ 4 പേരെ നിയമനത്തിനായി ശിപാർശ ചെയ്തതിൽ ഒരാൾ ഈഴവ സമുദായക്കാരനും മറ്റെയാൾ പട്ടികജാതിക്കാരനുമാണ്.

Section Officer